# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3359** — **21-12-2012 ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള മാതൃകാ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ മാതൃകാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഈ മാതൃകാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ലഭ്യമായ സാങ്കേതിക വിദ്യകൾ പരമാവധി ഉപയോഗപ്പെടുത്തി പരമാവധി കാർഷിക ഉല്പാദനം നേടിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മാതൃകകൾ കൃഷിയിടങ്ങളിൽ അവരുടെ തന്നെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.<br>2. കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ കാർഷിക പുരോഗതി കൈവരിക്കുന്നതിനും അതേപോലെ നിലനിർത്തുന്നതിനും പരമാവധി കാർഷിക ഉല്പാദനം നേടിയെടുത്ത വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മാതൃകകൾ ഉപകരിക്കുമോ എന്ന് വിലയിരുത്തുക. |

3. ഉന്നത ഉല്പാദകർ നടപ്പിലാക്കിയ പുതിയ സാങ്കേതിക വിദ്യകളായ യന്ത്രവല്ക്കരണം മുഖേനയുള്ള കൃഷിരീതികൾ, കൃഷിരീതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്നിവ കൃഷിയിടങ്ങളിൽ വ്യാപകമാക്കാൻ പ്രേരണ നൽകുക.

4. ഉല്പാദനശേഷിയുടെ പരമാവധി നേടിയെടുക്കാൻ സാധിച്ചിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായത്തോടെ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ ആ സമ്പ്രദായങ്ങൾ തന്നെ നടപ്പിലാക്കി പരമാവധി ഉല്പാദനം കൈവരിക്കുക.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | (സി) യും (ഡി) യും | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു മാതൃകാ യൂണിറ്റെങ്കിലും സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് വിജയകരമായി നടപ്പിലാക്കാൻ സാധിച്ചാൽ മാത്രമേ ഉല്പാദനലക്ഷ്യം മാർഗ്ഗരേഖയാക്കി പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി വഴി എത്ര ടൺ നെല്ല് ഉൽപ്പാദിപ്പി ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ